ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.DTETVM/8020/2024-EA4 (EA) തീയതി:28-09-2024

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം --വകുപ്പിന് കീഴിലെ സ്ഥാപന മേധാവികൾ ദിവസ വേതന ജീവനക്കാരുടെ പ്രവേശന/ വിടുതൽ തീയതികൾ SPARK-ൽ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന :- 06.10.2020 തീയതയിലെ 56/2020 ഫിൻ നമ്പർ പരിപത്രം

ഈ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായിജോലിയിൽ പ്രവേശിപ്പിക്കുന്ന ജീവനക്കാരെ ഒരു വർഷക്കാലത്തേക്ക് നിയമിക്കുകയും ഈ കാലയളവിന് ഇടയിൽ വച്ച് ഈ ജീവനക്കാർ മറ്റൊരു ജോലിയിൽ പ്രവേശിക്കുന്ന സന്ദർഭങ്ങളിൽ വിടുതൽ ചെയ്യുന്ന തീയതിക്ക് പകരം കോൺട്രാക്ട് അവസാനിപ്പിക്കുന്ന തീയതിയിൽ ടിയാളുകളെ ടെർമിനേറ്റ് ചെയ്യുന്നതിനാൽ . ടിയാളുകൾക്ക് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സ്ഥാപനത്തിൽ സ്പാർക്കിൽ രജിസ്റ്റർ ചെയ്യാൻ കഴിയാതെ വരുകയും അതിനെ തുടർന്ന് ശമ്പളം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുകയാണ്.

ആയതിനാൽ ഡിഡിഒമാർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ദിവസ വേതന ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രജിസ്റ്റർ ചെയ്യുംമ്പോഴും/ വിടുതൽ ചെയ്യുംമ്പോഴും എല്ലാ എൻട്രികളും ശ്രദ്ധാപൂർവ്വം ചെയ്തിരിക്കണം. അല്ലാത്ത പക്ഷം അശ്രദ്ധമായി വരുത്തുന്ന തെറ്റുകളിലൂടെ സംഭവിക്കുന്ന കഷ്ട നഷ്ടങ്ങൾക്കു അതാത് സ്ഥാപനങ്ങളിലെ ഡിഡിഒമാർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും എന്ന് ഇതിനാൽ അറിയിക്കുന്നു.

Sunilkumar C V

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. കരുതൽ ഫയൽ/ ആഫീസ് പകർപ്പ്

Signed by
Sunilkumar C V
Date: 28-09-2024 13:46:15